# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1957 — 04/10/2011-ൽ മറുപടിക്ക്

## സച്ചാർ കമ്മീഷൻ ശുപാർശകൾ

**ചോദ്യം** — **ഉത്തരം**

ശ്രീ. സി.പി. മുഹമ്മദ് :
ശ്രീ. വി.ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി.റ്റി. ബൽറാം :

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് സച്ചാർ കമ്മീഷൻ ശുപാർശകൾ നടപ്പാക്കുവാൻ എന്ന പേരിൽ പാലോളി മുഹമ്മദ്കുട്ടിയുടെ നേതൃത്വത്തിൽ നിയമിച്ച കമ്മിറ്റി എന്തെല്ലാം ശുപാർശകളാണ് സമർപ്പിച്ചത്; | (എ) ശുപാർശകൾ അടങ്ങുന്ന റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) സച്ചാർ കമ്മീഷന്റെ നിർദ്ദേശങ്ങളല്ലാതെ പാലോളി കമ്മിറ്റി മറ്റ് നിർദ്ദേശങ്ങൾ എന്തെങ്കിലും സമർപ്പിച്ചിട്ടുണ്ടോ; | (ബി) സച്ചാർ കമ്മീഷൻ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായി മുസ്ലീം പിന്നോക്കാവസ്ഥ പരിഹരിക്കാൻ പര്യാപ്തമായ ശുപാർശകളാണ് പാലൊളി കമ്മിറ്റി സമർപ്പിച്ചിട്ടുള്ളത്. |
| (സി) സച്ചാർ കമ്മീഷൻ റിപ്പോർട്ടനുസരിച്ച് ഏതെല്ലാം കാര്യങ്ങൾ നടപ്പാക്കി; | (സി) സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പും ഡയറക്ടറേറ്റും രൂപീകരിച്ചു. മദ്രസ്സാ അദ്ധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തി. മുസ്ലീം വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പും ഹോസ്റ്റൽ സ്റ്റൈപ്പന്റും ഏർപ്പെടുത്തി. പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയുടെ ഭാഗമായ എം.എസ്.ഡി.പി. പദ്ധതി പ്രകാരം വയനാട് ജില്ലയ്ക്ക് 1500 ലക്ഷം രൂപ കേന്ദ്രധനസഹായമായി ലഭിച്ചിട്ടുണ്ട്. ഇതുവരെ 91 ലക്ഷം രൂപ |

| | |
|---|---|
| | ചെലവഴിച്ചുകഴിഞ്ഞു. പദ്ധതി പൂർത്തീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു.<br><br>വിവിധ തൊഴിലധിഷ്ഠിത മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് ഹ്രസ്വകാല പരിശീലനങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് കോഴിക്കോട്, പയ്യന്നൂർ, പൊന്നാനി, ആലുവ, കരുനാഗപ്പള്ളി എന്നീ 5 കേന്ദ്രങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കാസർഗോഡും, മലപ്പുറം ജില്ലയിലെ വേങ്ങരയിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന് പുറമേ കാഞ്ഞിരപ്പള്ളി, പത്തനംതിട്ട, തിരുവനന്തപുരം എന്നിവിടങ്ങളിൽ പുതിയതായി മൂന്ന് പരിശീലന കേന്ദ്രങ്ങൾ കൂടി തുടങ്ങുന്ന കാര്യം പരിശോധനയിലാണ്. പെൺകുട്ടികൾക്കായി ടോയ്‌ലറ്റുകളില്ലാത്ത മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളിൽ 284 സർക്കാർ സ്കൂളുകളിൽ ജലലഭ്യത ഉറപ്പു വരുത്തി 'പെൺകുട്ടികൾക്ക് ഉപയുക്തമായ ടോയ്‌ലറ്റുകൾ' ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. പദ്ധതികളുടെ നടത്തിപ്പ്, കാലാകാലങ്ങളിലുള്ള പുരോഗതി അവലോകനം എന്നിവയ്ക്കായി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംസ്ഥാനതല കമ്മിറ്റിയും, ജില്ലാതല കമ്മിറ്റികളും രൂപീകരിച്ചു. |
| (ഡി) ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്. | (ഡി) ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചുകഴിഞ്ഞു. ഇതിന്റെ പ്രവർത്തനം പ്രാരംഭ ഘട്ടം പിന്നിട്ടിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ.